ന്നുവെന്നും ഖദീജക്കുട്ടി തിരിച്ചറിഞ്ഞത്. ഖദീജക്കുട്ടിക്ക് 5 കുട്ടികളുണ്ട്. അഞ്ചു കുട്ടികൾക്കും എവിടെയും പൗരത്വമില്ല; പൗരത്വം എടുക്കുന്നതിന് മുഹമ്മദ് അബ്ബാസ് തയ്യാറായില്ല. അതിന്റെ ഫലമായി കുട്ടികൾക്ക് പഠിക്കാനോ വിസ സമ്പാദിക്കാനോ കഴിഞ്ഞില്ല. ഖദീജക്കുട്ടിയുടെ വിസയുടെ കാലാവധി തീർന്നിട്ടും വിസ പുതുക്കുന്നതിനുവേണ്ടി മുഹമ്മദ് അബ്ബാസ് തയ്യാറായില്ല. ഖദീജക്കുട്ടിയുടെ പ്രായപൂർത്തിയാകുന്ന പെൺമക്കളെ വിൽക്കാനായിരുന്നു അബ്ബാസിന്റെ ശ്രമം. ഇതിനെ ഖദീജക്കുട്ടി എതിർത്തപ്പോൾ അബ്ബാസ് ഖദീജക്കുട്ടിയേയും കുട്ടികളെയും പട്ടിണിക്ക് ഇടാനും പീഡിപ്പിക്കാനും തുടങ്ങി. നാട്ടിലേക്ക് മടങ്ങാൻ വിസയില്ലാതെ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് ഇടപെട്ടതിന്റെ ഭാഗമായി അവർക്ക് ഔട്ട് പാസ്സ് കിട്ടി; ഇൻഡ്യൻ ഇസ്ലാമിക് സെന്ററും, അബുദാബി മലയാളി സമാജവും, കേരള സോഷ്യൽ സെന്ററും ഖദീജക്കുട്ടിയെ നാട്ടിലെത്തിക്കാൻ സഹായിച്ചു. ആരും സഹായമില്ലാത്ത ഖദീജക്കുട്ടിയും മക്കളും അകന്ന ബന്ധുക്കളുടെയും നാട്ടുകാരുടെയും സഹായത്തോടെയാണ് കഴിയുന്നത്. മക്കൾക്ക് തന്റെ ജന്മഭൂമിയിൽ പൗരത്വം കിട്ടാനും, കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുംവേണ്ടി ഖദീജക്കുട്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അശരണയായ ഖദീജക്കുട്ടിയെയും കുടുംബത്തെയും രക്ഷിക്കാനും കുട്ടികൾക്ക് പൗരത്വം ലഭിക്കാനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, പാലക്കാട് തിരുമിറ്റക്കോട് നെല്ലിക്കാട്ടിരി കതിരക്കോട്ടിൽ മമ്മി മകൾ ഖദീജക്കുട്ടിയെ ഇറാൻകാരനായ അബ്ദുൾ മുഹമ്മദ് അബ്ബാസ് വിവാഹം കഴിച്ച് 1980-ൽ ജോലിസ്ഥലമായ അബുദാബിയിലേയ്ക്ക് കൊണ്ടുപോയി. 1984-ൽ അവർ രണ്ട് മക്കളോടൊപ്പം നാട്ടിൽ വന്ന സമയം ഇറാൻകാരനായ ഭർത്താവിന്റെ പാസ്പോർട്ടിൽ കുട്ടികളുടെ പേരും ചേർത്തിരുന്നു. വീണ്ടും 1994-ൽ ഖദീജക്കുട്ടി ഒറ്റയ്ക്ക് നാട്ടിൽ വന്ന് മൂന്നുമാസം കഴിഞ്ഞ് മടങ്ങിപ്പോയി. തുടർന്ന് ഖദീജ അവരുടെ അഞ്ചു മക്കളുമൊത്ത് കരിപ്പൂർ വിമാനത്താവളം വഴി 18.5.99-ൽ നാട്ടിൽ വന്നു. അബുദാബിയിലുള്ള ഇൻഡ്യൻ എംബസിയിൽനിന്ന് ലഭിച്ച എമർജൻസി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ചാണ് അഞ്ചു കുട്ടികളും ഇൻഡ്യയിൽ വന്നത്. കുട്ടികൾക്ക് 16 വയസ്സുതികയുന്നതുവരെ ഇൻഡ്യയിൽ താമസിക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് ബന്ധപ്പെട്ട ഫോറിനേഴ്സ് രജിസ്ട്രേഷൻ ആഫീസർമാർ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ ഈ കുട്ടികൾക്ക് ഇൻഡ്യൻ പൗരത്വം ലഭിക്കുന്നതിന് 1955-ലെ ഇൻഡ്യൻ പൗരത്വനിയമപ്രകാരമുള്ള അപേക്ഷ സംസ്ഥാന സർക്കാരിന് സമർപ്പിച്ചാൽ, ടി അപേക്ഷ യഥാർഹമായ ശുപാർശയോടുകൂടി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് മേൽനടപടിക്കായി അയച്ചുകൊടുക്കുന്നതാണ്.

(2) സ്വാതന്ത്ര്യസമര കാലത്തെ ഖാദി-ഹിന്ദി പ്രചാരകർക്ക് പെൻഷൻ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, വളരെയേറെ സവിശേഷതകൾ നിറഞ്ഞതായിരുന്നു നമ്മുടെ സ്വാതന്ത്ര്യസമരം. നികുതി നിഷേധവും നിസ്സഹകരണവും നിയമലംഘനവും അടക്കമുള്ള നിരവധി സമരമുറകൾ രാഷ്ട്രീയ തലത്തിൽ ആവിഷ്കരിച്ചപ്പോൾ സാമൂഹ്യരംഗത്ത് നിർമ്മാണ പ്രവർത്തനങ്ങളുടേതായ ഒരു പുതിയ സമരമുഖം മഹാത്മാഗാന്ധി തുറന്നു. വിഭിന്ന ഭാഷ

LIBRARY ARCHIVES Kerala Legislative Assembly

കൾ സംസാരിക്കുന്ന ഭാരതത്തിൽ വൈകാരിക ഉദ്ഗ്രഥനവും അതുവഴി ദേശീയ ഐക്യവും ഊട്ടി ഉറപ്പിക്കാൻ ഹിന്ദി പ്രചരണം വ്യാപകമാക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തു. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്വാശ്രയത്വം വളർത്താനുള്ള സ്വദേശി പ്രസ്ഥാനത്തിന്റെ ഭാഗമായി ഖാദി പ്രചരണം മുഖ്യ ഇനമാക്കി. അങ്ങനെ ഹിന്ദി-ഖാദി പ്രചരണം ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അവിഭാജ്യഘടകമായി മാറി. ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് ആയിരക്കണക്കിന് ദേശാഭിമാനികൾ ഹിന്ദി പ്രചരണത്തിനും ഖാദി പ്രചരണത്തിനും വേണ്ടി തങ്ങളുടെ ജീവിതം ഉഴിഞ്ഞുവച്ചു. ഇവരിൽ നല്ലൊരു വിഭാഗം സ്ത്രീകളുമുണ്ടായിരുന്നു. ഇത്തരക്കാരിൽ ബഹുഭൂരിപക്ഷവും ഈ ലോകത്തോടു യാത്ര പറഞ്ഞു. അവശേഷിക്കുന്ന പലരും ഇന്ന് നിത്യദാരിദ്ര്യത്തിൽ കഴിയുകയാണ്. സ്വാതന്ത്ര്യ സമരത്തിന് അനുകൂലമായ കാലാവസ്ഥ സൃഷ്ടിക്കുന്നതിനും അതിന്റെ ആക്കം കൂട്ടുന്നതിനുംവേണ്ടി നിശ്ശബ്ദരായി പ്രവർത്തിച്ച ഈ ത്യാഗികളെ സ്വാതന്ത്ര്യസമരക്കാരായി കണക്കാക്കുന്നതിൽ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ഉപേക്ഷ കാണിക്കുന്നത് അത്യന്തം നിർഭാഗ്യകരമാണ്. മുൻസർക്കാർ അവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് എടുത്ത തീരുമാനത്തിൽനിന്നും പുറകോട്ട് പോകുന്നത് കഷ്ടമാണ്. ഉറങ്ങുന്നവനെ വിളിച്ചുണർത്തി ഊണില്ല എന്നുപറയുന്ന ക്രൂരമായ സമീപനം ഈ സർക്കാർ ഉപേക്ഷിക്കണം. സ്വാതന്ത്ര്യ സമരത്തിന്റെ മേഖലകൾ പലയിടത്തും വ്യാപിപ്പിക്കുന്ന ഈ സന്ദർഭത്തിൽ സ്വാതന്ത്ര്യ സമര രംഗത്ത് നിർമ്മാണ രംഗത്ത് മുന്നണിപ്പോരാളികളായിരുന്ന ഖാദി-ഹിന്ദി പ്രചാരകർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം സർക്കാർ ഗൗരവതരമായി പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ഖാദി-ഹിന്ദി പ്രചാരകരോട് ഈ ഗവൺമെന്റ് ക്രൂരമായി പെരുമാറിയിട്ടില്ല. സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്നില്ലെങ്കിലും ഞാനും ആ പെൻഷന് അർഹനാണ്. ഖാദി-ഹിന്ദി പ്രചാരകർക്ക് പെൻഷൻ കൊടുക്കണ്ട എന്നു പറഞ്ഞത് ഞങ്ങളാണോ? കേന്ദ്ര-സംസ്ഥാന സ്വാതന്ത്ര്യ സമരപെൻഷൻ പദ്ധതിയുടെ വിവിധ വശങ്ങൾ പരിശോധിക്കുന്നതിന് എ.പി. ഉദയഭാനു ചെയർമാനായ ഒരു കമ്മിറ്റിയെ 1986-ൽ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് തിരുക്കൊച്ചി-മലബാർ പ്രദേശങ്ങളിൽ നടന്ന ജനകീയ സമരങ്ങളിൽ ഏതൊക്കെയാണ് പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് എന്നതായിരുന്നു. ഈ കമ്മിറ്റി റിപ്പോർട്ടിലെ 15-ാം ഖണ്ഡികയിൽ പേജ് 12-ൽ ഖാദി-ഹിന്ദി പ്രസ്ഥാനങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ട്. ഉദയഭാനു കമ്മിഷൻ റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ഈ പ്രസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യ സമര പെൻഷൻ നൽകേണ്ടതില്ലെന്നാണ്. ഇതാണ് ഉദയഭാനു കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശ. ബഹുമാനപ്പെട്ട മെമ്പർ ഇതു മനസ്സിലാക്കണം. എന്നിരുന്നാലും 24.12.94-ലെ ഗവൺമെന്റ് ഉത്തരവു പ്രകാരം മൂന്നു വർഷത്തിൽ കുറയാതെ ഓഗസ്റ്റ് പതിനഞ്ചിന് മുമ്പ് ഖാദി-ഹിന്ദി പ്രചരണം നടത്തിയിരുന്നവർക്ക് സ്വാതന്ത്ര്യസമര പെൻഷൻ നൽകാൻ തീരുമാനിച്ചു. ആദ്യത്തെ ഉദയഭാനു കമ്മിഷൻ റിപ്പോർട്ട് എന്താണ്? അതിനുശേഷമാണ് ഈ പെൻഷൻ കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. പക്ഷെ ആ തീരുമാനം ഗവൺമെന്റ് പുനഃപരിശോധിക്കുകയും ഖാദി-ഹിന്ദി പ്രചരണം സ്വാതന്ത്ര്യ സമര പ്രസ്ഥാനമായി ഗവൺമെന്റ് അംഗീകരിച്ചിട്ടില്ലാത്ത സ്ഥിതിക്ക് മേൽ ഉത്തരവ് റദ്ദു ചെയ്യുകയും ചെയ്തു. ഈ പെൻഷൻ സ്വാതന്ത്ര്യ സമര

LIBRARY ARCHIVES Kerala Legislative Assembly

പെൻഷനായി ഗവൺമെന്റ് അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ടാണ് റദ്ദ് ചെയ്തത്. നമ്മളൊക്കെ ജയിലിൽ പോകുകയും അടി കൊള്ളുകയും ഒക്കെ ചെയ്തതുകൊണ്ടാണ് അത് സ്വാതന്ത്ര്യസമരമായി അംഗീകരിച്ചിട്ടുള്ളത്. ഇതു ഖാദി-ഹിന്ദി പ്രചരണമാണ്. ഈ പെൻഷനുവേണ്ടി ധാരാളം മെമ്മോറാണ്ടങ്ങൾ എന്റെ അടുത്തു വരുന്നുണ്ട്. എനിക്കറിയാം ആരെല്ലാമാണെന്ന്. മുൻ ഉത്തരവു പ്രകാരം ഉദ്ദേശം എൺപതിൽപരം പേർക്കാണ് പെൻഷൻ നൽകിയിരുന്നത്. ആ ഉത്തരവ് റദ്ദ്ചെയ്തു എങ്കിലും പെൻഷൻ ലഭിച്ചവരിൽ നിന്നും തുക തിരിച്ചുപിടിച്ചിട്ടില്ല. പെൻഷൻ അനുവദിക്കപ്പെട്ടവരിൽ ചിലർ ഹൈക്കോടതിയിൽ കേസ് കൊടുത്തു. ഹൈക്കോടതി പെൻഷൻ നൽകിയത് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് ശരിയോ തെറ്റോ എന്ന് സർക്കാർ പരിശോധിക്കാനാണ് വിധി പുറപ്പെടുവിച്ചിരിക്കുന്നത്. ആ വിധിയിൻമേൽ തീരുമാനമെടുക്കണം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : ബഹുമാനപ്പെട്ട ഹൈക്കോടതി തീരുമാനമെടുക്കാൻ സർക്കാരിനോടു പറഞ്ഞു. ആ തീരുമാനം അനുഭാവപൂർവമാകണമെന്നാണ് അഭ്യർത്ഥന.

ശ്രീ. ഇ.കെ. നായനാർ : ഇത് സ്വാതന്ത്ര്യസമരമല്ല, എന്നാണ് ഉദയഭാനു കമ്മിഷൻ റിപ്പോർട്ടു പറയുന്നത്. 1994-ലെ ഗവൺമെന്റ് കൊടുക്കാൻ തീരുമാനിച്ചു; കൊടുത്തിട്ടും അത് നിറുത്തലാക്കേണ്ടിവന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : കോടതി പറഞ്ഞതനുസരിച്ച് സർക്കാർ അനുഭാവപൂർവമായ തീരുമാനമെടുക്കണമെന്നാണ് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞത്.

(3) കാർഗിലിൽ മരണമടഞ്ഞ രാധാകുമാർ എന്ന ജവാന്റെ മൃതദേഹം നാട്ടിലെത്തിക്കുന്നതിലുണ്ടായ അനാസ്ഥ

ശ്രീ. ജി. കാർത്തികേയൻ : സർ, കേരളത്തിനാകമാനം അപമാനകരവും ദുഃഖകരവുമായ ഒരു സംഗതി ഈ സഭയിൽ അവതരിപ്പിക്കുന്നതിന് ഞാൻ അങ്ങയുടെ അനുമതി ചോദിക്കുന്നു. കാർഗിലിൽ നമ്മുടെ നാടിന്റെ അതിർത്തി സംരക്ഷിക്കുന്നതിന് വേണ്ടി വീരമൃത്യു വരിച്ച ലാന്റ്സ്നായിക് രാധാകുമാറിന്റെ മൃതദേഹം ഇന്നലെ തിരുവനന്തപുരം എയർപോർട്ടിൽ വരുമെന്നാണ് അറിയിച്ചിരുന്നത്. അതനുസരിച്ച് എല്ലാ ഏർപ്പാടുകളുമുണ്ടായിരുന്നു. ആ മൃതദേഹം ഗവൺമെന്റ് ഔദ്യോഗികമായി ഏറ്റുവാങ്ങിയശേഷം അദ്ദേഹത്തിന്റെ സ്വദേശമായ ചേപ്പാടിൽ കൊണ്ടുപോകുമെന്നാണ് പറയപ്പെട്ടിരുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എ.കെ. ആന്റണിയും ഞാനും ശ്രീ. പാലോട് രവിയും ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണനും അവിടെ അതിനുവേണ്ടി പോയി. അവിടെ ചെന്നപ്പോൾ വീരമൃത്യു വരിച്ച ആ ജവാന്റെ മൃതദേഹം ഏറ്റുവാങ്ങുന്നതിനുള്ള എല്ലാ സംവിധാനവും ഏർപ്പെടുത്തിയിരുന്നു. അവിടെ എത്തിയപ്പോൾ മടങ്ങിവരുന്ന സംസ്ഥാന മന്ത്രിസഭയുടെ പ്രതിനിധിയുടെ കാറ് ഞങ്ങൾ കണ്ടു. അവിടെ എത്തിക്കഴിഞ്ഞപ്പോഴാണ് മൃതദേഹം അവിടെ വരുന്നില്ല എന്ന് ഞങ്ങൾ അറിയുന്നത്. മൃതദേഹം നെടുമ്പാശ്ശേരിയിൽ വന്നു. ഇതു ഈ നാടിന് അപമാനകരമായിട്ടുള്ളതാണ്. രാജ്യത്തിനുവേണ്ടി ജീവിതം കൊടുത്ത വീരയുവാവിന്റെ മൃതദേഹം അനാഥപ്രേതം പോലെ അഞ്ചു മണിക്കൂർ നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ ട്രോളിയിൽ ഗൾഫിൽ നിന്നും വന്ന യാത്രക്കാരുടെ സാധനങ്ങൾക്കൊപ്പം കിടക്കേണ്ട ഒരവസ്ഥ ഉണ്ടായി എന്നുപറഞ്ഞാൽ അത് നാടിന് അപമാനകരമാണ്. ഇതു

LIBRARY ARCHIVES Kerala Legislative Assembly